വ്യവസായ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള മില്ലുകളുടെ കഴിഞ്ഞ മൂന്നു വർഷക്കാലത്തെ ഉൽപ്പാദനത്തിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

(ഡി) കേരളത്തിലെ 33 മില്ലുകളിൽ 4 മില്ലുകളിൽ മാത്രമേ തുണി ഉൽപ്പാദിപ്പിക്കുന്നുള്ളൂ. ഉൽപ്പാദനശേഷിയുടെ അടിസ്ഥാനത്തിൽ മൊത്തം നൂൽ ഉൽപ്പാദനത്തിന്റെ ഉദ്ദേശം 2% മേൽപ്പറഞ്ഞ 33 മില്ലുകളിൽ നിന്നും ഉള്ളതാണ്. എൻ.ടി.സി.യുടെയും പ്രൈവറ്റ് മില്ലുകളുടെയും ഇനം തിരിച്ചുള്ള ഉൽപ്പാദന വിവരം ലഭ്യമല്ല.

43 (1269) ഖാദി കമ്മീഷൻ നൽകുന്ന മാർജിൻ മണിയുടെ പരിധി

ശ്രീ. വി. ബാലറാം :

ഡോ. എം.എ. കുട്ടപ്പൻ :

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിക്കുന്ന വ്യവസായങ്ങൾക്ക് ഖാദി കമ്മീഷൻ നൽകുന്ന മാർജിൻ മണിയുടെ പരിധി വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്രയെന്ന് അറിയിക്കുമോ;

(സി) ഇതിനകം സംസ്ഥാനത്ത് എത്ര പേർക്ക് ഈ വർദ്ധിപ്പിച്ച ആനുകൂല്യം നൽകുന്നുണ്ട്?

ഉത്തരം

(എ) ഇല്ല.

(ബി)&(സി) ചോദ്യം 'എ' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യങ്ങൾ ബാധകമല്ല.

44 (1270) ഖാദി കൈത്തറി മേഖലയിലെ സ്തംഭനാവസ്ഥ

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഖാദി മേഖലയിലും കൈത്തറി മേഖലയിലും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാതെ കെട്ടിക്കിടക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തു തുകയുടെ ഉൽപ്പന്നങ്ങളാണ് ഓരോ മേഖലയിലും കെട്ടിക്കിടക്കുന്നത്;

(സി) ഖാദി കൈത്തറി മേഖലയിലെ സ്തംഭനാവസ്ഥ പരിഹരിക്കാൻ വ്യക്തമായ എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ;

(ഡി) യൂണിഫോം നിർബന്ധമാക്കിയിട്ടുള്ള സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഖാദി കൈത്തറി തുണിത്തരങ്ങൾ നിർബന്ധമായും ധരിക്കണമെന്ന് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly